നൽകാൻ കെ.എസ്.ഇ.ബി. തയ്യാറാണ്. വലിയ താമസമില്ലാതെ എൻ.ഒ.സി. നൽകുന്നതാണ്. പട്ടയം കിട്ടേണ്ട കാര്യം വനം വകുപ്പിനോടും റവന്യൂ വകുപ്പിനോടും ആവശ്യപ്പെടേണ്ടതാണ്. പുളിയിലപ്പാറ കോളനിയിലെ കുടിവെള്ളത്തിന്റെ കാര്യം അദ്ദേഹം ഇവിടെ പറഞ്ഞു. അതിനും 26-6-2014-ൽ പെർമിസ്സീവ് സാങ്ഷൻ കൊടുത്തുകഴിഞ്ഞു.

(12) ബിരുദ പ്രവേശനം നിഷേധിച്ച സംഭവം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, തലശ്ശേരി ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ് ടുവിന് 95.42% മാർക്ക് വാങ്ങിയ ഷാഹിഷ്ണ എന്നൊരു വിദ്യാർത്ഥിനി തലശ്ശേരി ഗവണ്മെന്റ് ബ്രണ്ണൻ കോളേജിൽ ബി.എ. എക്കണോമിക്സിനുവേണ്ടി അപേക്ഷ കൊടുത്തു. അപേക്ഷകരിൽ ഒന്നാം സ്ഥാനം ഈ പെൺകുട്ടിക്കാണ്. പക്ഷെ കോളേജിൽ ചേരാൻ പോയ സന്ദർഭത്തിൽ പ്രിൻസിപ്പൽ പറഞ്ഞു, നിങ്ങൾക്ക് ഈ കോളേജിൽ പ്രവേശനം തരില്ല. ഈ കുട്ടി മാഹിക്കാരിയായതുകൊണ്ടാണ് . പ്രവേശനം നിഷേധിച്ചിരിക്കുന്നത്. പഠിച്ചതു മുഴുവൻ കേരളത്തിലെ ഗവണ്മെന്റ് സ്കൂളിലാണ്. അവരുടെ സ്വദേശം മാഹിയാണെന്നു പറഞ്ഞുകൊണ്ട് ബ്രണ്ണൻ കോളേജിൽ പ്രവേശനം നിഷേധിക്കുന്നു. മാഹിക്കാർക്ക് മുമ്പ് ബ്രണ്ണൻ കോളേജിൽ പ്രവേശനം കിട്ടിയിട്ടുണ്ട്. അവിടത്തെ എം.എൽ.എ. വൽസരാജൻ ബ്രണ്ണൻ കോളേജിൽ പഠിച്ച ആളാണ്. ഞാൻ മാഹി കോളേജിൽ പഠിച്ച ആളാണ്. അങ്ങോട്ടും ഇങ്ങോട്ടും ഒരു ഡിസ്ക്രിമിനേഷൻ ഇല്ലാതെ നടന്നിരുന്നത് ഇടക്കാലത്ത് മാഹിയിൽ കേരളത്തിലുള്ളവർക്ക് പ്രവേശനം കൊടുക്കാത്ത ഒരു പ്രശ്നമുണ്ടായി. അതിന്റെ ഫലമായി കുറേ സീറ്റ് അവിടെ ഒഴിവ് വന്നു. പിന്നീട് പോണ്ടിച്ചേരിയിലെ വൽസരാജൻതന്നെ ഇടപെട്ട് ഇവിടെ ചർച്ച ചെയ്ത് ആ സീറ്റ് കൊടുക്കാനുള്ള അറേഞ്ച്മെന്റുണ്ടാക്കി. അതിന്റെ ഭാഗമായിട്ട് കേരളത്തിലെ കുട്ടികൾക്ക് മാഹിയിൽ പഠിക്കാൻ സൗകര്യത്തിനുവേണ്ടി ഒരു ഉത്തരവ് ഇറക്കി. ആ ഉത്തരവിനെ വ്യാഖ്യാനിച്ചുകൊണ്ട് അവിടത്തെ പ്രിൻസിപ്പൽ ഈ വിദ്യാർത്ഥിനിക്ക് പ്രവേശനം നിഷേധിച്ചിരിക്കുകയാണ്. മെറിറ്റിലുള്ള കുട്ടികൾക്ക് നമ്മുടെ രാജ്യത്ത് ഏത് കോളേജിലും പഠിക്കാം. മെറിറ്റിലുള്ള കുട്ടികൾ ഇപ്പോൾ തമിഴ്നാട്ടിൽപ്പോയി പഠിക്കുന്നുണ്ട്. കേരളത്തിലെ ഒരു കോളേജിൽ അത് നിഷേധിക്കപ്പെട്ടാൽ ഇത് ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കും. 2-5-2013-ൽ ഇറക്കിയ ഉത്തരവിൽ അവ്യക്തതയുണ്ടെങ്കിൽ ആ അവ്യക്തത പരിഹരിച്ചുകൊണ്ട് ഇങ്ങനെ മെറിറ്റ് പ്രകാരം ഫസ്റ്റ് റാങ്ക് കിട്ടുന്ന കുട്ടികൾക്ക് പ്രവേശനം

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കുന്ന നടപടി പുനഃപരിശോധിക്കണം. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇന്നലെ ഞാനൊരു നോട്ട് കൊടുത്തിട്ടുണ്ട്. അദ്ദേഹത്തിന് അതിൽ ഇടപെടാൻ കഴിയുമെന്ന് കരുതുന്നു. ബ്രണ്ണൻ കോളേജിന് തൊട്ടടുത്താണ് ആ കുട്ടിയുടെ വീട്. ബ്രണ്ണൻ കോളേജും മാഹിയും വളരെ വ്യത്യാസമില്ല. ഏതെങ്കിലും തരത്തിൽ ഈ കുട്ടിക്ക് അവിടെ സീറ്റ് കൊടുത്തിട്ടില്ലെങ്കിൽ അത് വളരെ പ്രത്യാഘാതമുണ്ടാക്കും എന്നുള്ളതുകൊണ്ട് അടിയന്തരമായി ഗവണ്മെന്റ് ഇടപെടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, തലശ്ശേരി ബ്രണ്ണൻ കോളേജിൽ ബിരുദ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് അനുസരിച്ച് കേരളത്തിലുള്ള വിദ്യാർത്ഥികൾക്കു മാത്രമേ പ്രവേശനം നൽകാൻ കഴിയൂ. പോണ്ടിച്ചേരി ഗവണ്മെന്റുമായുണ്ടാക്കിയ പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ 2-5-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 113/2013/ഉ.വി.വ. പ്രകാരം മാഹിയിലെ മഹാത്മാഗാന്ധി ഗവണ്മെന്റ് കോളേജിൽ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങളിലായി ബിരുദ പ്രവേശനത്തിന് 70 സീറ്റുകളും ബിരുദാനന്തര ബിരുദത്തിന് 10 സീറ്റുകളും നൽകുന്നതിന് പകരമായി മാഹിയിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് തലശ്ശേരി ബ്രണ്ണൻ കോളേജ് ഉൾപ്പെടെയുള്ള നാല് ഗവണ്മെന്റ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ആകെ ആറ് സീറ്റുകൾ മാറ്റിവച്ചിട്ടുണ്ട്. എന്നാൽ ബിരുദ പ്രവേശനത്തിന് കേരളത്തിലെ കോളേജുകളിൽ മാഹിയിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് സീറ്റുകൾ അനുവദിച്ചിട്ടില്ല. എന്നിരുന്നാലും കേരളത്തിൽതന്നെ പഠിച്ച് പ്ലസ് ടുവിന് വളരെ ഉയർന്ന മാർക്ക് വാങ്ങി തലശ്ശേരി ബ്രണ്ണൻ കോളേജിൽ ബിരുദ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റിൽ ഒന്നാം സ്ഥാനം നേടിയ വിദ്യാർത്ഥിനിക്ക് സ്വദേശം കേരളത്തിലല്ല എന്നതിന്റെ പേരിൽ തുടർ പഠനം നിഷേധിക്കുന്നതിനോട് സർക്കാർ യോജിക്കുന്നില്ല. അതിനാൽ ഇതുസംബന്ധിച്ച പരാതി ലഭിച്ചാൽ തലശ്ശേരി ബ്രണ്ണൻ കോളേജിൽ ബിരുദ പ്രവേശനത്തിന് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(13) അദ്ധ്യാപക നിയമനം

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ആർ.എം.എസ്.എ. പദ്ധതിപ്രകാരം പീരുമേട് നിയോജക മണ്ഡലത്തിൽ പാമ്പനാർ, വഞ്ചിവയൽ, ചെമ്മണ്ണ് എന്നീ മൂന്ന് സ്കൂളുകളാണ് അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള